യത്തുകൾക്ക് കൈമാറിയ പദ്ധതിയനുസരിച്ച് 2.20 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) മൊത്തം 41.07 ലക്ഷം രൂപ ഇതുവരെ ചെലവായിട്ടുണ്ട്.

8 (917) ജനസംഖ്യ കുറയുന്ന പട്ടികവർഗ്ഗങ്ങൾ

ശ്രീ. എ.കെ. മണി :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഏതെങ്കിലും വിഭാഗങ്ങളുടെ ജനസംഖ്യ കുറഞ്ഞുവരുന്നതായി അനുഭവപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിഭാഗങ്ങളുടെ ജനസംഖ്യയാണ് കുറഞ്ഞുവരുന്നത്;

(സി) ഇവരുടെ ജനസംഖ്യ കുറഞ്ഞുവരാനുള്ള കാരണങ്ങളെന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി)ഉദിക്കുന്നില്ല.

9 (918) മത്സര പരീക്ഷകളിൽ വിജയശതമാനം ഉയർത്തൽ

ശ്രീ. പി. നാരായണൻ :

ശ്രീ. എൻ. അനിരുദ്ധൻ :

ശ്രീ. ജോസ് ബേബി :

ശ്രീ. യു.എസ്. ശശി :

ശ്രീ. എം. നാരായണൻ(ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സര പരീക്ഷകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ വിജയനിലവാരം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മത്സര പരീക്ഷകളിൽ ഇവരുടെ വിജയശതമാനം കൂട്ടുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിവിധ തസ്തികകളിലേക്ക് നിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് നടത്തുന്ന മത്സരപരീക്ഷകൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ മുഖേന പരിശീലനം നൽകിവരുന്നു. സിവിൽ സർവീസസ് പരീക്ഷകൾക്ക് ഇൻസ്റ്റി

LIBRARY ARCHIVES Kerala Legislative Assembly

റ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി മുഖേന പരിശീലനം നൽകുന്നു. 1998-99 മുതൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയിൽ നിന്ന് ഐ.എ.എസ്.പ്രിലിമിനറി പരീക്ഷ പാസ്സായവരെ ഡൽഹിയിലെ പ്രശസ്തമായ കോച്ചിംഗ് സെന്ററുകളിൽ അയച്ച് ഫൈനൽ പരീക്ഷയ്ക്ക് തയ്യാറാക്കുന്ന പദ്ധതിയും ആരംഭിച്ചു. 1999-2000 വർഷത്തിൽ ഐ.എം.ജി. മുഖേനയും സിവിൽ സർവസസ് പരീക്ഷാ പരിശീലനം നൽകുന്നുണ്ട്.

10 (919) പ്രീമെട്രിക് ഹോസ്റ്റൽ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഓറളം ഗ്രാമപഞ്ചായത്തിൽ വീർപ്പാട് പ്രീമെട്രിക് ഹോസ്റ്റൽ അടച്ചുപൂട്ടിയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഹോസ്റ്റൽ തുറന്ന് പ്രവർത്തിപ്പിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം പരിശോധനയിലാണ്.

11 (920) പ്രീമെട്രിക് ഹോസ്റ്റലുകൾ

ശ്രീ. എൻ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലാകെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള എത്ര പ്രീമെട്രിക് ഹോസ്റ്റലുകളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലായി ആകെ എത്ര കുട്ടികൾക്കാണ് താമസവും പഠന സൗകര്യവും ലഭ്യമാക്കി വരുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 97 പ്രീ മെട്രിക് ഹോസ്റ്റലുകളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 109 പ്രീമെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു.

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു.

ജില്ല	പജ.വിവ	പവ.വിവ
തിരുവനന്തപുരം	8	3

LIBRARY ARCHIVES Kerala Legislative Assembly